## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2591** **24-06-2024 - ൽ മറുപടിയ്ക്ക്**

## കൈത്തറി മേഖലയുടെ ആധുനികീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. പി.പി. സുമോദ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | പരമ്പരാഗത കൈത്തറി മേഖല നേരിടുന്നതായി പറയപ്പെടുന്ന പ്രതിസന്ധി പരിശോധനാ വിധേയമാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് കൈത്തറി മേഖലയിലെ പ്രശ്നങ്ങളെ ക്കുറിച്ച് പഠിക്കുന്നതിനായി അഞ്ചംഗ വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. കൈത്തറി മേഖലയുടെ പുരോഗതിക്കും സമഗ്രമായ വികസനത്തിനും ഭാവിയിൽ ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമാണ് ഈ സമിതി രൂപീകരിച്ചിട്ടുള്ളത്.<br><br>കൈത്തറി മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, തറികളുടെ ആധുനികവൽക്കരണം, ഉല്പാദന ക്ഷമത മെച്ചപ്പെടുത്തൽ, തറികളുടെ ഘടനയും പ്രവർത്തന ലഘൂകരണവും സംബന്ധിച്ചുള്ള പഠനം, നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കും പരിശീലനം നൽകി കാര്യശേഷി വർധിപ്പിക്കൽ, മേഖലയിൽ മൂല്യവർദ്ധനയ്ക്കുള്ള സാധ്യതയെ ക്കുറിച്ചുള്ള പഠനം നടത്തുക, അപെക്സ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തൽ, കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുക, സ്വകാര്യ സംരംഭകരുടെ പ്രോത്സാഹനം എന്നിവയുടെ സമഗ്രപഠനമാണ് ഈ സമിതിയുടെ പ്രധാന ലക്ഷ്യങ്ങൾ. |
| (ബി) | കൈത്തറി തൊഴിലാളികളെ പ്രസ്തുത തൊഴിൽ മേഖലയിൽ നിലനിർത്തുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (ബി) | **കൈത്തറി തൊഴിലാളികളെ കൈത്തറി മേഖലയിൽ നില നിർത്തുന്നതിനായും അവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായും ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.**<br><br>**<u>സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി</u>**<br><br>കൈത്തറി മേഖലയുടെ ഉന്നമനം ലക്ഷ്യമാക്കി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. നെയ്ത്തുകാർക്ക് കൂടുതൽ തൊഴിൽ ദിനങ്ങളും, അധിക |

വരുമാനവും ലഭ്യമാക്കുവാനും കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും ഈ പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്.

**പദ്ധതിയുടെ ആരംഭഘട്ടം മുതൽ നാളിതുവരെ ഈ പദ്ധതി യ്ക്കായി ആകെ 571 കോടി രൂപ ചെലവഴിച്ചതിൽ 339.93 കോടി രൂപ നെയ്ത്തു കൂലിയായി തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.**

**ഇൻകം സപ്പോർട്ട് സ്കീം**

**ഒരു ദിവസം മിനിമം വേതനമായി 150 രൂപ വരെ നെയ്ത്തു തൊഴിലാളികൾക്ക് ദിവസ വേതനം ഉറപ്പാക്കുന്നതിനായി തൊഴിൽ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം ഒരു വർഷം 100 ദിവസം വരെ മാത്രം തൊഴിലാളികൾക്ക് ഈ ആനുകൂല്യം ലഭ്യമാകും.**

**നെയ്ത്ത്കാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പരിപാടി (പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം)**

**ജോലിയുടെ ശാസ്ത്രീയമായ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ അധികമായി ചെയ്യുന്ന ജോലിക്കനുസരിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്കിയും, വാർഷിക വിറ്റുവരവിന്റെ അടിസ്ഥാനത്തിലും, അംഗീകൃത മാർഗ്ഗ നിർദ്ദേശപ്രകാരവും നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കും പ്രോത്സാഹനം നൽകി ഉല്പാദനക്ഷമത മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.**

**സ്മാൾ ക്ലസ്റ്റർ ഡവലപ്മെന്റ് പ്രോഗ്രാം**

**കേന്ദ്ര സർക്കാരിന്റെ നാഷണൽ ഹാന്റ്ലൂം ഡവലപ്പ്മെന്റ് പ്രോഗ്രാമിന്റെ കീഴിലുള്ള പദ്ധതിയായ സ്മാൾ ക്ലസ്റ്റർ ഡവലപ്മെന്റ് പ്രോഗ്രാം വഴി കൈത്തറി മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കും, കൈത്തറി സംഘങ്ങൾക്കും പണിശാലകൾ പണിയുന്നതിനും, ലൈറ്റിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനും, പുതിയ തറികളും, തറി അനുബന്ധ ഉപകരണ ങ്ങൾ, ഇലക്ട്രോണിക് ജക്കാർഡുകൾ എന്നിവ വാങ്ങുന്നതിനും ഫണ്ട് അനുവദിക്കുന്നുണ്ട്.**

**അംശദാന മിതവ്യയ ഫണ്ട് പദ്ധതി**

കൈത്തറി തൊഴിലാളികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ക്ഷേമത്തിനും പ്രോത്സാഹനത്തിനും വേണ്ടിയുള്ള പദ്ധതിയാണിത്.

| | | | |
|---|---|---|---|
| | | | കൈത്തറി ക്ഷേമനിധി ബോർഡിന്റെ കീഴിൽ അംഗങ്ങളായ നെയ്ത്തുകാരുടെ വരുമാനത്തിൽ നിന്നുള്ള നിശ്ചിത വിഹിതവും സംസ്ഥാന സർക്കാരിന്റെ വിഹിതവും ചേർത്താണ് ഫണ്ട് തുക സമാഹരിക്കുന്നത്.<br><br>**<u>കൈത്തറി നെയ്ത്തുകാരുടെയും, അനുബന്ധ തൊഴിലാളികളുടെയും ആരോഗ്യ പരിപാടി</u>**<br><br>കൈത്തറി നെയ്ത്തുകാരുടെയും അനുബന്ധ തൊഴിലാളികളുടേയും ശാരീരിക /നേത്ര ആരോഗ്യം ഉറപ്പ വരുത്തുന്നതിനായി "കൈത്തറി നെയ്ത്തുകാരുടെയും അനുബന്ധ തൊഴിലാളികള ടേയും ആരോഗ്യ പരിപാടി" പദ്ധതിയ്ക്ക് 2024-25 സാമ്പത്തിക വർഷം 15 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | കൈത്തറി മേഖലയുടെ ആധുനികീകരണത്തിനായി വിഭാവനം ചെയ്ത പദ്ധതികൾ വിശദീകരിക്കാമോ; | (സി) | കൈത്തറി മേഖലയുടെ ആധുനികവൽക്കരണം ലക്ഷ്യമാക്കി ക്കൊണ്ട് പ്രധാനമായും 'കൈത്തറി സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും' പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>ഈ പദ്ധതിയിൻ കീഴിൽ ചുവടെ ചേർക്കുന്ന ഘടകങ്ങൾക്ക് ധനസഹായം അനുവദിക്കുന്നു.<br><br>1. തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും തറികളുടെ ഭാഗിക അറ്റകുറ്റപ്പണികൾക്കുള്ള ധനസഹായം<br>2. സാങ്കേതിക വിദ്യ ഉയർത്തലും പുതിയ സാങ്കേതിക വിദ്യ കൈമാറ്റം ചെയ്യുന്നതിനുമുള്ള പദ്ധതി.<br>3. ഫാക്ടറി ടൈപ്പ് സൊസൈറ്റിയുടെ പുനരുജ്ജീവനവും സ്റ്റാൻഡേർഡൈസേഷനും.<br>4. പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളിലെ വർക്ക് ഷെഡുകളുടെ നവീകരണം.<br>5. വ്യക്തിഗത വർക്ക് ഷെഡ് നവീകരണം.<br>6. കൈത്തറി സഹകരണ സംഘങ്ങളിലെ ഡൈ ഹൗസ് നവീകരണം.<br>7. ഒരു വീട്ടിൽ ഒരു തറി പദ്ധതി<br>8. വനിതാ നെയ്ത്തുകാർക്ക് റസ്റ്റ് റൂം/സ്റ്റോറേജ് നിർമ്മാണവും, ടോയ്‌ലെറ്റ് നവീകരണവും. |
| (ഡി) | കൈത്തറി വസ്ത്രങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും കയറ്റുമതിയ്ക്കുമായി പ്രത്യേക | (ഡി) | **ഉണ്ട്. കൈത്തറി വസ്ത്രങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും കയറ്റുമതി** |

| | | | |
|---|---|---|---|
| | പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | | **പ്രോത്സാഹനത്തിനുമായി പ്രത്യേകം ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.**<br><br>**<u>എക്സ്പോർട്ട് മാർക്കറ്റിംഗ് ഇൻസെന്റീവ് സ്കീം</u>**<br><br>കൈത്തറി ഉൽപ്പന്നങ്ങളുടെ നേരിട്ടുള്ള കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്തെ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്ക് അവർ കയറ്റുമതി ചെയ്യുന്ന ഉൽ പ്പന്നങ്ങളുടെ യഥാർത്ഥ മൂല്യത്തിന്റെ 20 ശതമാനം തുക സംസ്ഥാന സർക്കാർ ഇൻസെന്റീവായി നൽകുന്നു. ഒരു സംഘത്തിന് പ്രതിവർഷം പരമാവധി 20 ലക്ഷം രൂപ വരെ അനുവദിക്കുന്നതാണ് പദ്ധതി.<br><br>**<u>ഹാന്റ് ലൂം മാർക്ക് പദ്ധതി</u>**<br><br>കൈത്തറി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനും കൈത്തറി വസ്ത്രങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുമായി "ഹാന്റ്ലൂം മാർക്ക്" പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പി ലാക്കി വരുന്നുണ്ട്. ഉയർന്ന ഗുണനിലവാരമുള്ള കൈത്തറി ഉൽപ്പന്നങ്ങൾക്ക് മാത്രമായി ഹാന്റ്ലൂം മാർക്ക് നൽകുന്നതു വഴി ഉൽപന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുവാനും ഉപഭോ ക്താക്കൾക്ക് യഥാർത്ഥ കൈത്തറി ഉൽപ്പന്നങ്ങൾ ലഭ്യമാക്കുവാനും സാധിക്കും.<br><br>**<u>"ക "-ബ്രാൻഡിംഗ് പദ്ധതി</u>**<br><br>കൈത്തറി വസ്ത്രങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി "ക " എന്ന പേരിൽ ബ്രാൻഡിംഗ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു |

സെക്ഷൻ ഓഫീസർ